പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VIII
## (സാമ്പത്തിക കാര്യങ്ങൾ)

### 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്]

2018 ജൂൺ 20-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VIII
## (സാമ്പത്തിക കാര്യങ്ങൾ)

**2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്]

1120/2018.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VIII

## (സാമ്പത്തികകാര്യങ്ങൾ)

## (2016-2018)

### ഘടന

<u>അദ്ധ്യക്ഷൻ :</u>

ഡോ. ടി. എം. തോമസ് ഐസക്,

ധനകാര്യവും കയറും വകുപ്പമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ :</u>

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,

തൊഴിലും എക്സൈസും വകുപ്പമന്ത്രി

ശ്രീ. ജി. സുധാകരൻ,

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി.

<u>അംഗങ്ങൾ :</u>

ശ്രീ . റ്റി. എ. അഹമ്മദ് കബീർ, എം. എൽ. എ.

ഡോ. എൻ. ജയരാജ്, എം. എൽ. എ.

ശ്രീ . വി. കെ. സി. മമ്മത് കോയ, എം. എൽ. എ.

ശ്രീ . ഡി. കെ. മുരളി, എം. എൽ. എ.

ശ്രീ . തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. എൽ. എ.

ശ്രീ . മുല്ലക്കര രത്നാകരൻ, എം. എൽ. എ.

ശ്രീ . വി. ഡി. സതീശൻ, എം. എൽ. എ.

ശ്രീ . കെ. സുരേഷ് കുറുപ്പ്, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീ . വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ . മാത്യുക്കുട്ടി ജി., ജോയിന്റ് സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ)-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2017-2018), 25-4-2017-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽനിന്നും സമിതിക്ക് നാളിതുവരെ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ 18-6-2018-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്ന ഈ റിപ്പോർട്ടിലെ ഭാഗം 1-ൽ 2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളും ആണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഭാഗം 2-ൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങൾ വകുപ്പ് തിരിച്ചും ഉൾപ്പെടുത്തിയിരിക്കുന്നു.

2018 ജൂൺ 18-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഡോ. ടി. എം. തോമസ് ഐസക്,

*അദ്ധ്യക്ഷൻ,*

*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,

2018 ജൂൺ 18.

# റിപ്പോർട്ട്

## ഭാഗം - I

2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടും.

## ധനാഭ്യർത്ഥന നമ്പർ VIII—എക്സൈസ്

### ശിപാർശ (ഖണ്ഡിക -12)

2039-00-001-99 — നടത്തിപ്പും ഭരണവും-മേൽനോട്ടം

15— രഹസ്യസേവന ചെലവുകൾ

എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ചനടപടി

2017-18 കാലഘട്ടത്തിലേക്ക് രഹസ്യസേവന ഫണ്ടിനത്തിൽ അനുവദിച്ച പത്ത് ലക്ഷം രൂപ ചെലവഴിച്ച് തീർന്ന സാഹചര്യത്തിൽ രണ്ടു ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്.

### ശിപാർശ (ഖണ്ഡിക -13)

2039-00-001-99 — നടത്തിപ്പും ഭരണവും-മേൽനോട്ടം

21— മോട്ടോർ വാഹനങ്ങൾ (2) സംരക്ഷണവും അറ്റകുറ്റപണികളും

എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വാഹനങ്ങൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുകയ്ക്ക് പുറമെ 10 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ചനടപടി

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക പൂർണ്ണമായി ചെലവഴിച്ച് തീരാത്തതിനാൽ അധിക തുക ആവശ്യപ്പെട്ട് അപേക്ഷ വകുപ്പിൽനിന്നും ലഭിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക-14)

2039-00-001-99—നടത്തിപ്പും ഭരണവും-മേൽനോട്ടം

34— മറ്റ് ചെലവുകൾ (3) മറ്റിനം

പി.എസ്.സി. അഡ്വൈസ് ചെയ്ത വനിതാ സിവിൽ എക്സൈസ് ഓഫീസർമാർക്കും, സിവിൽ എക്സൈസ് ഓഫീസർമാർക്കും എക്സൈസ് ഇൻസ്പെക്ടർമാർക്കും ട്രെയിനിംഗ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

പി.എസ്.സി. അഡ്വൈസ് ചെയ്ത വനിതാ സിവിൽ എക്സൈസ് ഓഫീസർമാർക്കും, സിവിൽ എക്സൈസ് ഓഫീസർമാർക്കും എക്സൈസ് ഇൻസ്പെക്ടർമാർക്കും ട്രെയിനിംഗ് തൃശ്ശൂർ എക്സൈസ് അക്കാഡമിയിൽ വച്ച് നടത്തി വരുന്നതും ചെലവിനത്തിൽ വരുന്ന തുക അക്കാഡമിക്ക് നൽകി വരുന്നതുമാണ്. തൻ വർഷം അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ച തീർന്നിട്ടില്ലാത്തതിനാൽ അധിക തുകയ്ക്കുള്ള അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക-15)

2039-00-001-98—റെയിഞ്ച് ഓഫീസുകൾ 05 ഓഫീസ് ചെലവുകൾ (3) ടെലിഫോൺ ചെലവ്

എക്സൈസ് റെയിഞ്ച് ആഫീസുകളുടെ ടെലിഫോൺ ചെലവുകൾക്ക് വകയിരുത്തിയ തുക തീരെ അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

തൻ വർഷം അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ച തീർന്നിട്ടില്ലാത്തതിനാൽ അധിക തുകയ്ക്കുള്ള അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക-16)

2039-00-001-98—റെയിഞ്ച് ഓഫീസുകൾ 05 ഓഫീസ് ചെലവുകൾ (4) മറ്റിനങ്ങൾ

എക്സൈസ് റെയിഞ്ച് ആഫീസുകളുടെ മറ്റ് ഓഫീസ് ചെലവുകൾക്ക് വകയിരുത്തിയ തുക തീരെ അപര്യാപ്തമായതിനാൽ 8 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

അനുവദിച്ച 20.16 ലക്ഷം തുക പൂർണ്ണമായി ചെലവഴിച്ചു തീർന്നിട്ടുള്ളതിനാൽ അധികമായി 4.5 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക-17)

2039-00-001-94-34—എക്സൈസ് വകുപ്പിന്റെ നവീകരണം - മറ്റ് ചെലവുകൾ

വാഹനങ്ങൾ, കമ്പ്യൂട്ടർവൽക്കരണം, ഡിവിഷൻ ഓഫീസുകളുടെ ക്യൂബിക്കിൾ നിർമ്മാണം, ഇ-ഗവേണൻസ്, ഫീൽഡ് ഓഫീസുകളുടെ നവീകരണ പ്രക്രിയകൾ തുടങ്ങിയ വിവിധങ്ങളായ പദ്ധതികളിലൂടെ വകുപ്പിന്റെ നവീകരണപ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിനായി 4 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

തൻവർഷം അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ചു തീർന്നിട്ടില്ലാത്തതിനാൽ അധിക തുകയ്ക്കുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ നികുതി-എഫ്3/138/2017-നി.വ. 11-5-2018)

**ധനാഭ്യർത്ഥന നമ്പർ XVI—പെൻഷനും പലവകയും**

ശിപാർശ (ഖണ്ഡിക-21)

2075-00-103-99-(01)—ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പന-ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പനയിന്മേലുള്ള ചെലവുകൾ

ഭാഗ്യക്കുറി ടിക്കറ്റ് അച്ചടിയിൽ പുതിയ സെക്യൂരിറ്റി സംവിധാനങ്ങൾ ഉൾപ്പെടുത്തുന്നതിനാൽ അച്ചടിക്കൂലിയിൽ ഉണ്ടാകുവാൻ ഇടയുള്ള വർദ്ധനവ് കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 22 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ 345.54 കോടി രൂപയിൽ 121.61 കോടി രൂപ (സെപ്റ്റംബർ വരെ) ചെലവഴിച്ചിട്ടുണ്ട്. അനുവദിച്ച ഫണ്ട് വിനിയോഗിച്ച ശേഷം അധികമായി തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## ശിപാർശ (ഖണ്ഡിക-22)

**2075-00-103-99-(02)-08—ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പന-പ്രചരണ ചെലവുകൾ-പരസ്യം, പ്രചരണം എന്നിവയ്ക്കുള്ള ചെലവുകൾ**

ഭാഗ്യക്കുറികളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനായി ദൃശ്യ-ശ്രാവ്യ-അച്ചടി മാധ്യമങ്ങളിലൂടെയുള്ള പരസ്യം, പ്രചരണം എന്നിവയ്ക്കായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ 20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ 40 കോടി രൂപയിൽ 20.07 കോടി രൂപ (സെപ്റ്റംബർ വരെ) ചെലവഴിച്ചിട്ടുണ്ട്. അനുവദിച്ച ഫണ്ട് പൂർണ്ണമായും വിനിയോഗിച്ച ശേഷം അധികമായി തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## ശിപാർശ (ഖണ്ഡിക-23)

**2075-00-103-98—ഏജന്റുമാരുടെ കമ്മീഷൻ**

ലോട്ടറിയുടെ വിറ്റുവരവ് കൂടുന്നതനുസരിച്ച് ഡിസ്കൗണ്ട്, ഏജന്റുമാർക്ക് നൽകുന്ന സമ്മാനം എന്നിവയിൽ ആനുപാതികമായ വർദ്ധനവ് ഉണ്ടാകുമെന്നതിനാൽ ഈ ശീർഷകത്തിൽ 90 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ 2945.26 കോടി രൂപയിൽ 929.70 കോടി രൂപ (സെപ്റ്റംബർ വരെ) ചെലവഴിച്ചിട്ടുണ്ട്. അനുവദിച്ച തുക വിനിയോഗിച്ച് തീരുന്നമുറയ്ക്ക് തുടർന്നുള്ള മാസങ്ങളിൽ സമാഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന വിറ്റുവരവിന് ആനുപാതികമായ തുക അനുവദിക്കുന്നതാണ്.

## ശിപാർശ (ഖണ്ഡിക-24)

**2075-00-103-97—സമ്മാനദാനം**

സമ്മാനാർഹമായ ഭാഗ്യക്കുറി ടിക്കറ്റുകളുടെ സമ്മാന തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 309 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ 3370.25 കോടി രൂപയിൽ 1636.10 കോടി രൂപ (സെപ്റ്റംബർ വരെ) ചെലവഴിച്ചിട്ടുണ്ട്. അനുവദിച്ച തുക വിനിയോഗിച്ച് തീരുന്നമുറയ്ക്ക് തുടർന്നുള്ള മാസങ്ങളിൽ സമാഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന വിറ്റുവരവിന് ആനുപാതികമായ തുക അനുവദിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക-25)

2075-00-103-96(10)—കേരള സംസ്ഥാന ലോട്ടറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധിയിലുള്ള ഗവൺമെന്റ് സംഭാവന-സംഭാവന

ക്ഷേമനിധി ബോർഡിലേയ്ക്ക് മൊത്തം വാർഷിക വിറ്റുവരവിന്റെ 1 ശതമാനം തുക സർക്കാർ സംഭാവനയായി നൽകേണ്ടതുള്ളതിനാലും നടപ്പു സാമ്പത്തിക വർഷം വിറ്റുവരവിൽ വർദ്ധനവ് പ്രതീക്ഷിക്കുന്നതിനാലും ഈ ശീർഷകത്തിൽ 59 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം 2075-00-103-96(10) കേരള സംസ്ഥാന ലോട്ടറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധിയിലേക്കുള്ള ഗവൺമെന്റ് സംഭാവന-സംഭാവന എന്ന ശീർഷകത്തിൽ വകയിരുത്തിയ തുക വിനിയോഗിച്ച് തീരുന്നമുറയ്ക്ക് അധിക തുക അനുവദിക്കുന്നതാണ്. (ടി ശീർഷകത്തിൽ നിന്നും 2017 സെപ്റ്റംബർ 30 വരെ തുക ചെലവഴിച്ചിട്ടില്ല)

ശിപാർശ (ഖണ്ഡിക-26)

2075-00-103-95—ലോട്ടറികളിൽ നിന്നുള്ള അറ്റാദായം കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് മുതൽക്കൂട്ട്

കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉള്ളതിനാൽ ഈ ശീർഷകത്തിൽ 450 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ 188 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തിൽ കാരുണ്യ ബെനവലന്റ് ഫണ്ടിലേയ്ക്ക് വകയിരുത്തിയ 261.32 കോടി രൂപയിൽ 100 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സബ്ജക്റ്റ് കമ്മിറ്റി VIII ശിപാർശ ചെയ്ത 188 കോടി രൂപ (കാരുണ്യ, കാരുണ്യപ്ലസ് എന്നീ

ലോട്ടറികളിൽ നിന്നുള്ള അറ്റാദായത്തിന്റെയും കാരുണ്യ ബെനവലന്റ് ഫണ്ടിലേയ്ക്കുള്ള ആവശ്യകതയുടെയും അടിസ്ഥാനത്തിൽ) അനുവദിക്കുന്നതിലേയ്ക്കായി അപേക്ഷ സമർപ്പിക്കുന്നതനുസരിച്ച് പരിഗണിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക-27)

2075-00-103-94-34(3)—മറ്റു ചെലവുകൾ-മറ്റിനം

ആലപ്പുഴ ജില്ലാ ഭാഗ്യക്കുറി ഓഫീസ് നവീകരിക്കുന്നതിനും സബ് സെന്ററുകൾ സജ്ജീകരിക്കുന്നതിനും അധിക തുക ആവശ്യമായി വരുന്നതിനാൽ ഈ ശീർഷകത്തിൽ 63.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

2017-18 സാമ്പത്തിക വർഷത്തിൽ 2075-00-103-94-34(3) മറ്റുചെലവുകൾ - മറ്റിനം എന്ന ശീർഷകത്തിൽ വകയിരുത്തിയ 11 ലക്ഷത്തിൽ 6.28 ലക്ഷം രൂപ (സെപ്റ്റംബർ വരെ) ചെലവഴിച്ചിട്ടുണ്ട്. അനുവദിച്ച ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചതിനു ശേഷം അധികമായി തുക ആവശ്യാനുസരണം അനുവദിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക-28)

2075-00-103-94-99—വിവരസാങ്കേതികവിദ്യ

വകുപ്പിലെ നിലവിലുള്ള ഹാർഡ് വെയർ, നെറ്റ് വർക്കിംഗ് എന്നിവ നവീകരിക്കുന്നതിനും സബ് സെന്ററുകൾക്കാവശ്യമായ ഹാർഡ് വെയർ, നെറ്റ് വർക്കിംഗ് എന്നിവ ലഭ്യമാക്കുന്നതിനും അധിക തുക ആവശ്യമായി വരുന്നതിനാൽ ഈ ശീർഷകത്തിൽ 93 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

2017-18 സാമ്പത്തിക വർഷത്തിൽ 2075-00-103-94-99- വിവരസാങ്കേതികവിദ്യ എന്ന ശീർഷകത്തിൽ വകയിരുത്തിയ 100 ലക്ഷം രൂപയിൽ 40.82 ലക്ഷം രൂപ (സെപ്റ്റംബർ 30) വരെ ചെലവഴിച്ചിട്ടുണ്ട്. അനുവദിച്ച ഫണ്ട് പൂർണ്ണമായും വിനിയോഗിച്ച ശേഷം അധികമായി തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക-29)

2075-00-103-94-05—ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ - ഓഫീസ് ചെലവുകൾ

വകുപ്പിന് അനുവദിച്ച 15 സബ് സെന്ററുകളിലെയും 3 താലൂക്ക് ഓഫീസുകളിലെയും വൈദ്യുതി ചെലവ്, ടെലഫോൺ ചെലവ് എന്നീ ഇനങ്ങളിൽ അനുവദിച്ച തുക

അപര്യാപ്തമായതിനാൽ വൈദ്യുതി ചെലവ്, ടെലിഫോൺ ചെലവ് എന്നീ ശീർഷകങ്ങളിൽ യഥാക്രമം 6.48 ലക്ഷം രൂപയും, 4.32 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 10.80 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തിൽ ജില്ലാ/സബ് ഭാഗ്യക്കുറി ഓഫീസുകളുടെ ഓഫീസ് ചെലവുകളുടെ ശീർഷകത്തിൽ ഉൾപ്പെടുന്ന 05-OE-2 വൈദ്യുതി ചാർജ്ജസ് എന്ന ശീർഷകത്തിൽ 8.50 ലക്ഷം രൂപയും, 05-OE-2 ടെലഫോൺ ചാർജ്ജസ് എന്ന ശീർഷകത്തിൽ 4.3 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിൽ ടെലിഫോൺ ചെലവ് എന്ന ശീർഷത്തിൽ 6 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

മറ്റ് ശീർഷകങ്ങളിലെ ഫണ്ട് വിനിയോഗിച്ച് തീരുന്നമുറയ്ക്ക് അധികമായി തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക-30)

2075-00-103-93-06—വാടക, കരം, നികുതി

തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട് എന്നീ ജില്ലാ ഭാഗ്യക്കുറി ഓഫീസുകളുടെ വാടകയിനത്തിലും പുതുതായി അനുവദിച്ച 15 സബ് സെന്ററുകളുടെയും 3 താലൂക്ക് ഓഫീസുകളുടെയും വാടകയിനത്തിലും അധിക തുക ആവശ്യമായി വരുന്നതിനാൽ ടി ശീർഷകത്തിൽ 46.20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തിൽ ജില്ലാ/സബ് ഭാഗ്യക്കുറി ഓഫീസുകളുടെ വാടകയിനത്തിൽ വരുന്ന ചെലവുകൾ വഹിക്കുന്ന ടി ശീർഷകത്തിൽ വകയിരുത്തിയിരുന്ന 7.5 ലക്ഷം രൂപ പൂർണ്ണമായും ചെലവഴിച്ചു.

അഡീഷണൽ ആതറൈസേഷൻ മുഖേന 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. [സർക്കാർ കത്ത് നമ്പർ എച്ച്1/190/2017/നി.വ., 9-2-2018]

ശിപാർശ (ഖണ്ഡിക-31)

2075-00-800-98—രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി-വിഹിതം

ശമ്പളം/ശമ്പളേതര വിഹിതമായി 230.95 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും ഓഫീസ് കെട്ടിട നിർമ്മാണത്തിനും സിംഗിൾ എഞ്ചിൻ വിമാനം, സീ പ്ലെയിൻ, പുതിയ വിമാന എഞ്ചിൻ, എന്നിവ വാങ്ങുന്നതിനും തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 12.78 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയിലെ ചീഫ് ഫ്ലൈറ്റ് ഇൻസ്ട്രക്ടറുടെ അംഗീകാരം 2017 ജൂൺ മുതൽ ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ റദ്ദാക്കിയതിനെ തുടർന്ന് പറക്കൽ പരിശീലനം മുടങ്ങിയ അവസ്ഥയിലാണ്. പുതിയ ഫ്ലൈറ്റ് ഇൻസ്ട്രക്ടറെ നിയമിക്കുന്നതിനും ടിയാന് ആവശ്യം വേണ്ട റേറ്റിംഗുകൾ നേടിയെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആയതിനാൽ 2017-18 സാമ്പത്തിക വർഷം സമിതി ശിപാർശ ചെയ്ത 12.78 കോടി രൂപ അനുവദിക്കേണ്ടതായി വന്നിട്ടില്ല.

[സർക്കാർ കത്ത് നമ്പർ 78/ബി1/17/കാ.യു.വ., 5-5-2018 ]

ശിപാർശ (ഖണ്ഡിക-36)

2705-00-800-81—കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയ്ക്ക് അംശദാനം

നിലവിലുള്ള ഹജ്ജ് ഹൗസിനോടനുബന്ധിച്ച് അഡീഷണൽ ബ്ലോക്കിന്റെ പണി പൂർത്തീകരിക്കുന്നതിന് ആവശ്യമായി വരുന്നപക്ഷം 18 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

ഹജ്ജ് ഹൗസിനോടനുബന്ധിച്ച് അഡീഷണൽ ബ്ലോക്കിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടില്ലാത്തതിനാൽ വിഷയ നിർണ്ണയ സമിതി ശിപാർശ ചെയ്തപ്രകാരം 2017-18 സാമ്പത്തിക വർഷം പണി പൂർത്തീകരിക്കുന്നതിനായി 18 കോടി രൂപ അധികമായി അനുവദിച്ചിട്ടില്ല.

**ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ**

ശിപാർശ (ഖണ്ഡിക-38)

3454-02-111-89—കാർഷിക സ്ഥിതിവിവരകണക്ക് പദ്ധതിയുടെ മെച്ചപ്പെടുത്തൽ ഇ.എ.ആർ.എ.എസ്.(100% സി.എസ്.എസ്)

കാർഷിക സ്ഥിതിവിവരകണക്ക് ശേഖരിക്കൽ (ഇ.എ.ആർ.എ.എസ്.) സർവ്വെ പദ്ധതിയുടെ പൂർണ്ണ നടത്തിപ്പിനായി 4299 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചു.

ശിപാർശ (ഖണ്ഡിക-39)

3454-02-111-88-01—സംസ്ഥാനത്തെ ജനന മരണ സ്ഥിതിവിവര കണക്കുകൾ ശക്തിപ്പെടുത്തൽ (10% കേന്ദ്രാവിഷ്കൃതം)

ആന്വൽ പ്ലാൻ പ്രൊപ്പോസലിൽ ആവശ്യപ്പെട്ടിരുന്നതും എന്നാൽ അനുവദിച്ചു കിട്ടിയിട്ടില്ലാത്തതുമായ നോസോളജിസ്റ്റിന്റെ ശമ്പള തുകയായ 7 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചു.

ശിപാർശ (ഖണ്ഡിക-40)

3454-02-112-97—ചെറുകിട ജലസേചനങ്ങളെക്കുറിച്ച് യുക്തമായി സമർത്ഥിക്കുന്ന സ്ഥിതിവിവരകണക്കുകൾ (കേന്ദ്രാവിഷ്കൃത പദ്ധതി 100% കേന്ദ്രസഹായം)

5-ാം മത് മൈനർ ഇറിഗേഷൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ തുടരുന്നതിനായി ഈ ശീർഷകത്തിൽ 72.04 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

72.04 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നാണ് സമിതി ശിപാർശ ചെയ്തിരുന്നതെങ്കിലും 19-5-2017-ലെ സ.ഉ.(സാധാ.) നമ്പർ 4223/2017/ ധന. ഉത്തരവ് പ്രകാരം 73.04 ലക്ഷം രൂപ അനുവദിച്ചു.

ശിപാർശ (ഖണ്ഡിക 41)

3454-02-112-90—സ്ഥിതിവിവരകണക്ക് ശക്തിപ്പെടുത്തുന്നതിനുള്ള സഹായം (ഭാരതീയ സ്ഥിതിവിവര കണക്ക് ശക്തിപ്പെടുത്തൽ പദ്ധതി)

കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇൻഡ്യ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെങ്ത്തനിംഗ് പ്രോജക്ട് (ISSP)-ൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ തുടരുന്നതിലേയ്ക്കായി ഈ ശീർഷകത്തിൽ 65 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

കേന്ദ്ര പദ്ധതി നടപ്പ് സാമ്പത്തിക വർഷത്തേയ്ക്കുകൂടി തുടരുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും അനുമതി ലഭിക്കുകയും മുൻ വർഷത്തെ പദ്ധതി ശീർഷകമായ 3454-02-112-94—Indian Statistical Strengthening Project (ISSP) (100% CSS) ശീർഷകത്തിൽ 91,87,000 രൂപ കേന്ദ്രഫണ്ടായി പുനർനിർണ്ണയിച്ച് ലഭിക്കുകയും ചെയ്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ (ഖണ്ഡിക-42)

3454-02-203-95—ജില്ലകളിൽ കമ്പ്യൂട്ടർ ഡിവിഷൻ ശക്തിപ്പെടുത്തൽ

വകുപ്പിന്റെ ജില്ല, താലൂക്ക് ആഫീസുകളിലെ ഐ. ടി. അധിഷ്ഠിത പദ്ധതിയുടെ പൂർണ്ണ നടത്തിപ്പിനായി ഈ ശീർഷകത്തിൽ 8 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

വിഷയം പരിശോധിച്ചപ്പോൾ നടപ്പുവർഷത്തെ പദ്ധതി വിഹിതം പൂർണ്ണമായും വിനിയോഗിച്ചിട്ടില്ലായെന്ന് കണ്ട സാഹചര്യത്തിൽ അനുവദിക്കപ്പെട്ട വിഹിതം പൂർണ്ണമായും വിനിയോഗിച്ചശേഷം അധിക തുകയ്ക്കുള്ള ശിപാർശ സമർപ്പിക്കുവാൻ ഡയറക്ടർ ജനറലിനോട് ആവശ്യപ്പെട്ടിരുന്നു. ശിപാർശ സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ അധിക തുക അനുവദിച്ചില്ല.

(സർക്കാർ കത്ത് നമ്പർ ബി1/260/2017/പ്ലാനിംഗ്, തീയതി 21-3-2018)

**ധനാഭ്യർത്ഥന നമ്പർ XLV—പലവക വായ്പകളും മുൻകൂറുകളും**

ശിപാർശ (ഖണ്ഡിക-43)

7610-00-201-99—ഭവന നിർമ്മാണ വായ്പകൾ-അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥന്മാർ

ഏഴാമത് കേന്ദ്ര ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ ഭവന നിർമ്മാണ വായ്പാ പരിധി 25 ലക്ഷം രൂപയായി ഉയർത്തിയിരിക്കുന്ന സാഹചര്യത്തിൽ ഈ ശീർഷകത്തിൽ ഒരു കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

2017-18 സാമ്പത്തിക വർഷം ടി ഇനത്തിൽ അപേക്ഷകർ ഉണ്ടായിരുന്നില്ല. ആയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ (ഖണ്ഡിക 44)

7610-00-201-98—ഭവന നിർമ്മാണ വായ്പകൾ - സംസ്ഥാന സർവ്വീസ് ഉദ്യോഗസ്ഥന്മാർ

ഭവന നിർമ്മാണ വായ്പാ പരിധി പരമാവധി 20 ലക്ഷം രൂപയായി വർദ്ധിപ്പിച്ചതിനാലും ഈ ഇനത്തിൽ അപേക്ഷകരുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാലും പ്രസ്തുത ശീർഷകത്തിൽ 200 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം ഭവന നിർമ്മാണ വായ്പ ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ 231 കോടിയിൽ 50 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ ശീർഷകത്തിൽ 181 കോടി രൂപ അവശേഷിക്കുന്നുണ്ട്. ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ അധികമായി വേണ്ട 195,82,48,700 രൂപ (നൂറ്റി തൊണ്ണൂറ്റഞ്ച് കോടി എൺപത്തി രണ്ട് ലക്ഷത്തി നാൽപ്പത്തിയെട്ടായിരത്തി എഴുന്നൂറ് രൂപ മാത്രം) ഉപധനാഭ്യർത്ഥനവഴി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 715972/എച്ച്.ബി.എ 2/15/2018/ധന. തീയതി 25-1-2018)

ശിപാർശ (ഖണ്ഡിക-45)

7610-00-800-95(02)—സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് നൽകുന്ന പലിശയില്ലാത്ത മുൻകൂറുകൾ - നോൺഗസറ്റഡ് ഉദ്യോഗസ്ഥർ (പദ്ധതിയേതരം)

സംസ്ഥാന സർവ്വീസിലുള്ള നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർക്ക് രോഗ ചികിത്സയ്ക്കായി നൽകുന്ന പലിശയില്ലാത്ത മുൻകൂറുകൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2.25 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2017-18 വർഷം ടി ശീർഷകത്തിൽ 6,75,00,000 രൂപയായിരുന്നു ബഡ്ജറ്റ് വിഹിതമായി നൽകിയിരുന്നത്. ടി ഇനത്തിൽ 2017-18 സാമ്പത്തിക വർഷം ലഭ്യമായ അപേക്ഷകൾ മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതലായതിനാൽ അധിക ധനാഭ്യർത്ഥനയിലൂടെ [G.O.(Rt.)No.59/2018/Fin. Dated 3-1-2018] 2,00,00,000 രൂപ (രണ്ട് കോടി രൂപ മാത്രം) കൂടി അനുവദിക്കുകയുണ്ടായി. ആയതിൽ 7,73,80,125 രൂപ (ഏഴ് കോടി എഴുപത്തി മൂന്ന് ലക്ഷത്തി എൺപതിനായിരത്തി ഒരുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) ചെലവായിട്ടുണ്ട്. ഈ ശീർഷകത്തിൽ 1,01,19,875 രൂപ (ഒരു കോടി ഒരു ലക്ഷത്തി പത്തൊൻപതിനായിരത്തി എണ്ണൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) ബാക്കി നീക്കിയിരുപ്പുണ്ട്.

(സർക്കാർ കത്ത് നമ്പർ ലോൺസ്-എൽ2/47/2018/ധന. തീയതി 30-1-2018)

ഭാഗം -II

2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ഖണ്ഡികകൾ.

| ക്രമ നമ്പർ | വകുപ്പ് | ഖണ്ഡിക |
|---|---|---|
| 1 | നികതി | 1-11 |
| 2 | ധനകാര്യം | 18-20, 46-49 |
| 3 | പൊതുഭരണം | 32-35 |
| 4 | റവന്യൂ | 37 |

ഡോ. ടി. എം. തോമസ് ഐസക്,
*അദ്ധ്യക്ഷൻ,*
*സബ്ജക്റ്റ് കമ്മിറ്റി - VIII.*

തിരുവനന്തപുരം,
2018 ജൂൺ 18.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്.